## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **114** **05.03.2012**ൽ മറുപടിയ്ക്ക്

<u>ഇ - മെയിൽ വിവാദം</u>

<u>ചോദ്യം</u>

ശ്രീ കെ. ശിവദാസൻ നായർ :
ശ്രീ റ്റി. എൻ. പ്രതാപൻ :
ശ്രീ കെ. മുരളീധരൻ :

എ) ഇ - മെയിൽ വിവാദവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ ഇതുവരെ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

ബി) ഇത് സംബന്ധിച്ച കേസ്സന്വേഷണം ക്രൈംബ്രാഞ്ച് ആരംഭിച്ചിട്ടുണ്ടോ ;

സി) ഇത് സംബന്ധിച്ച് ആർക്കൊക്കെയെതിരെ കേസ്സ് എടുത്തിട്ടുണ്ട് ?

<u>മറുപടി</u>

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) (ബി) & (സി) ഇ - മെയിൽ വിവാദവുമായി ബന്ധപ്പെട്ട് ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ ജോലി നോക്കി വന്നിരുന്ന റിസർവ്വ് സബ് ഇൻസ്പെക്ടർ ശ്രീ എസ്. ബിജുവിനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ശ്രീ ബിജുവിനെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലേയും ഔദ്യോഗിക രഹസ്യ നിയമത്തിലേയും പോലീസ് ഫോഴ്സ് (റെസ്ട്രിക്ഷൻ ഓഫ് റൈറ്റ്സ്) നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് ഊർജ്ജിത അന്വേഷണത്തിനായി, ഈ കേസ് കൈമാറിയിട്ടുണ്ട്. സി. ബി. സി. ഐ. ഡി. ക്രൈം നം. 247/CR/HHW-1/Tvpm/2012 പ്രകാരം ക്രൈം ബ്രാഞ്ച് വിഭാഗം അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ